(സി) ഈ പദ്ധതിയനുസരിച്ച് ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്;

(ഡി) ഇവർക്ക് ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന നിയമ വ്യവസ്ഥകൾ 1986 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും ഈ കാലയളവിനുള്ളിൽ എത്ര പേർക്ക് ജോലി നൽകി എന്ന് വ്യക്തമായി പറയുവാൻ നിവർത്തിയില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലിസ്റ്റ് അനുസരിച്ച് 44 പേർക്ക് ജോലി നൽകാനുണ്ട്.

(ഡി) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽനിന്ന് മാറ്റണമെന്ന നിർദ്ദേശം

73 (1047) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ;
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ നിന്ന് മാറ്റണമെന്ന് ചന്ദ്രശേഖരമേനോൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ നടപ്പാക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ചന്ദ്രശേഖരമേനോൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ട് സർക്കാരിലെ ആഭ്യന്തര വകുപ്പ് പരിശോധിച്ചു വരികയാണ്.

കൊല്ലം പിഷാരികാവ് ദേവസ്വം ജീവനക്കാരുടെ വേതന പരിഷ്ക്കരണം

74 (1048) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പിഷാരിക്കാവ് ദേവസ്വം ജീവനക്കാരുടെ വേതന പരിഷ്ക്കരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly